കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com, 0487 2421385

# കേരളീയത്തിന് ഒപ്പം നിൽക്കുക

കേരളീയം മാസികയുടെ തുടക്കം മുതൽ അതുമായി സഹകരിക്കുകയും ആ പ്രസിദ്ധീകരണത്തിൽ എഴുതുകയും അതിന്റെ സ്പെഷ്യൽ ലക്കം ഒരിക്കൽ എഡിറ്റ് ചെയ്യുകയും അതിന്റെ പ്രവർത്തകരുമായി നിരന്തരം ബന്ധം പുലർത്തുകയും ചെയ്യുന്ന ഒരു സഹയാത്രികൻ എന്ന നിലയിൽ കേരളീയം റെയ്ഡിനെയും കേരളീയം പ്രവർത്തകരുടെ അറസ്റ്റിനെയും ഞാൻ തികഞ്ഞ ജനാധിപത്യ ലംഘനം ആയാണ് കാണുന്നത്. യാതൊരു പ്രകോപനവുമില്ലാതെ എന്ത് അതിക്രമവും പോലീസിനാവാം എന്നതിന്റെ ഉദാഹരണമാണിത്.

രമേശ് ചെന്നിത്തല കരുണാകരന്റെ വഴിയിലൂടെ സഞ്ചരിക്കാൻ തുടങ്ങുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഇത്തരത്തിൽ പോലീസിന്റെ ഭാഷ്യങ്ങൾ കണ്ണുമടച്ച് അംഗീകരിക്കുകയും അതിനെയൊക്കെ ന്യായീകരിക്കുകയും ചെയ്താണ് കരുണാകരൻ ക്രമേണ പോലീസ് മേധാവികളുടെ കയ്യിലെ വെറും പാവ ആയി മാറിയത്. കേരളീയം പ്രവർത്തകരെ കള്ളക്കേസുകളിൽ കുടുക്കാനുള്ള നീക്കങ്ങൾ ഉപേക്ഷിക്കാൻ പോലീസിനു നിർദേശം നൽകാൻ രമേശ് ചെന്നിത്തല ബാധ്യസ്ഥനാണ്. അപലപനീയമായ അടിയന്തിരാവസ്ഥ ആണ് കേരളത്തിൽ നിലനിൽക്കുന്നത്.

ഒരു പരിസ്ഥിതി മനുഷ്യാവകാശ മാസികയ്ക്കെതിരെ നടന്ന പോലീസ് അതിക്രമമാണ് കേരളീയം ഓഫീസിൽ നടന്ന റെയിഡ്. ഇങ്ങനെ പോലീസിനെ കയർ ഊരി വിടുകയും മനുഷ്യാവകാശ പ്രവർത്തകർക്കും സ്വതന്ത്ര പത്രപ്രവർത്തകർക്കും നേരെ ജനാധിപത്യ വിരുദ്ധമായ കയ്യേറ്റങ്ങൾ നടത്തുകയും അതിനു മവോയിസത്തെ മറയാക്കുകയും ചെയ്ത് പ്രതിരോധ പ്രവർത്തനം ഇല്ലാതാക്കാം എന്നത് നടക്കുന്ന കാര്യമല്ല. 'കേരളീയം മാസിക സൗഹാർദ്ദ സമിതി' രൂപീകരിച്ച് നമ്മൾ അവർക്കൊപ്പം നിൽക്കുകയും മാസിക മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള സഹായങ്ങൾ ചെയ്യുകയും വേണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഡോ. ടി.ടി. ശ്രീകുമാർ, അഹമ്മദാബാദ്**